(ബി) പ്രവാസികളിൽ നിന്നും മറ്റുമായി എത്ര കോടി രൂപയാണ് ഇതിനായി സമാഹരിക്കാൻ തീരുമാനിച്ചിരുന്നത് ; ഇവരിൽ നിന്ന് തുക സമാഹരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത സംരംഭത്തിന് കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുവച്ച നിബന്ധനകൾ എന്തെല്ലാമാണ് ; ഈ നിബന്ധനകൾ പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) എയർ കേരള പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആരംഭിച്ചിട്ടില്ല. പ്രവാസി മലയാളികൾ, പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തരം കുറഞ്ഞ ചെലവിലുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ 'എയർ കേരള' എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്.

(ബി) ഇതിനുള്ള മൊത്തം മുതൽമുടക്കിൽ 24% കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിനോടൊപ്പം കേരള സർക്കാർ പങ്കിടാനും ബാക്കി ഷെയറുകളുമായി പൊതുജനങ്ങളിൽനിന്നും ഇന്ത്യക്കാരായ പ്രവാസികളിൽനിന്നും സമാഹരിക്കാനുമാണ് വിഭാവന ചെയ്തിരുന്നത്. പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ ഇളവുകൾ ലഭിച്ച ശേഷമേ ഫണ്ട് സമാഹരണം സംബന്ധിച്ച അന്തിമ തീരുമാനങ്ങൾ സാധ്യമാകൂ.

(സി&ഡി) കേന്ദ്രസർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് അഞ്ച് കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പ്രവൃത്തിപരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. ഈ യോഗ്യതകളില്ലാത്തതിനാൽ കമ്പനിക്ക് പദ്ധതി പ്രവർത്തനം ആരംഭിക്കാനായിട്ടില്ല. ടി നിബന്ധനകൾക്ക് ഇളവ് ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതി പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അന്തർ സംസ്ഥാന കരാറുകൾ

9 (1873) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ സംസ്ഥാനങ്ങളുമായി എന്തൊക്കെ വിഷയങ്ങളിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ കരാറുകളുടെയും കാലാവധി എത്രയാണെന്നും, കരാറുകളുടെ സമയ പരിധിക്കുള്ളിൽ കരാറുകൾ പുതുക്കുന്നതിനും സ്വത്തുക്കൾ തിരികെ ഉടമസ്ഥതയിൽ കൊണ്ടുവരുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കരാറുകൾ സംബന്ധിച്ച് അവലോകന യോഗം ചേർന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കരാറുകൾ സംബന്ധിച്ച പ്രമാണങ്ങളുടെ കസ്റ്റോഡിയൻ ആരാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി മൂന്ന് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

1. 29-5-1970-ൽ കേരളവും തമിഴ്നാടും 9-11-1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാർ. പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. എന്നാൽ 30 വർഷത്തിലൊരിക്കൽ കരാർ പുനരവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്.

2. 19-8-1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ. ശിരുവാണി കുടിവെള്ള പദ്ധതി കരാറിന് 99 വർഷത്തെ കാലാവധിയാണുള്ളത്.

3. 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യയും ഒപ്പുവച്ച പെരിയാർ പാട്ടക്കരാർ. 1970-ലെ അനുബന്ധ കരാറുകൾ എന്നിവയാണ് പെരിയാറിനെ സംബന്ധിച്ച കരാറുകൾ. പെരിയാർ പാട്ടക്കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്.

കേരളത്തിന് പി.എ.പി. കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജലക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു.ആർ.ബി.) യോഗങ്ങളിൽ ശക്തമായി വാദിച്ചും സർക്കാർതലത്തിലുള്ള സമയോചിതമായ ഇടപെടലുകളിലൂടെയും നേടിയെടുക്കാറുണ്ട്.

പറമ്പിക്കുളം-ആളിയാർ കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം യഥാസമയം സ്വീകരിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രി തലത്തിലും നിരവധി ചർച്ചകൾ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും അധിക ജലലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പരധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശിരുവാണി കുടിവെള്ള പദ്ധതി കരാറിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത് ഇതിനായി നിയോഗിച്ചിട്ടുള്ള ജോയിന്റ് കൺട്രോൾ ബോർഡാണ്. പ്രസ്തുത ബോർഡിന്റെ യോഗങ്ങളിൽ കേരളത്തിന്റെ പ്രതിനിധികൾ സജീവമായി പങ്കെടുത്ത് സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ട ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് കരാറുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(സി) 28-4-2013-ന് തിരുവനന്തപുരത്തുവച്ച് കേരളത്തിന്റെ ബഹു. ജലവിഭവ വകുപ്പുമന്ത്രിയുടെയും തമിഴ്നാടിന്റെ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെയുള്ളവർ പങ്കെടുത്ത ചർച്ച നടക്കുകയുണ്ടായി. ഈ യോഗത്തിൽ പ്രധാനമായും പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ, ശിരുവാണി കുടിവെള്ള പദ്ധതി കരാർ, നെയ്യാറിലെ ജലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവയാണ് ചർച്ച ചെയ്യപ്പെട്ടത്. മറ്റ് കരാറുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(ഡി) പ്രസ്തുത കരാറുകളുടെ കസ്റ്റോഡിയൻ ജലവിഭവ വകുപ്പിലെ ഐ.എസ്.ഡബ്ല്യു.സി. വിഭാഗമാണ്. മറ്റ് കരാറുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

വിവിധ വകുപ്പുകളുടെ അധിക തസ്തികകൾ

10 (1874) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

വിവിധ വകുപ്പുകളിലെ അധിക തസ്തികകൾ കണ്ടെത്തുന്നതിന് സർക്കാർ ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ചിരുന്നോ ; എങ്കിൽ ആരെല്ലാമായിരുന്നു അംഗങ്ങൾ എന്നു വിശദമാക്കാമോ ; സമിതിയുടെ ശിപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

8-8-2012-ലെ സ.ഉ.(പി) നമ്പർ 441/2012/ധന. ഉത്തരവുപ്രകാരം സംസ്ഥാന സർവ്വീസിലെ അധിക തസ്തികകൾ സംബന്ധിച്ച സമഗ്ര റിപ്പോർട്ട് മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly